മാതൃഭൂമി

**19 September 2018**

# മത്സ്യമേഖലയുടെ പരിപാലനത്തിന് പങ്കാളിത്ത സമിതികൾ

## നിയമ പരിപാലനം, നയ രൂപവത്കരണം എന്നിവയിൽ പങ്കാളിത്തം ഉറപ്പുവരുത്തുക ലക്ഷ്യം




സി.എം.എഫ്.ആർ.ഐ.യിൽ നടക്കുന്ന ദ്വിദിന ശിൽപ്പശാലയിൽ സംസ്ഥാന ഫിഷറീസ് ഡയറക്ടർ വെങ്കടേശപതി സംസാരിക്കുന്നു

**കൊച്ചി** ▸ മത്സ്യമേഖലയുടെ പരിപാലനത്തിന് മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെ ബന്ധപ്പെട്ട എല്ലാവരുടെയും പങ്കാളിത്തത്തിൽ സമിതികൾ വരുന്നു. നിയമ പരിപാലനം, നയ രൂപവത്കരണം തുടങ്ങിയ കാര്യങ്ങളിൽ എല്ലാവരുടെയും പങ്കാളിത്തം ഉറപ്പുവരുത്തുന്ന രീതിയിൽ ഗ്രാമ, ജില്ല, സംസ്ഥാന തലങ്ങളിലാണ് സമിതികൾ.

കേരള മറൈൻ ഫിഷറീസ് റെഗുലേഷൻസ് ആക്ട് ഭേദഗതിയുടെ പശ്ചാത്തലത്തിൽ കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ നടന്ന ശിൽപ്പശാലയിലാണ് സമിതിയെ കുറിച്ച് ചർച്ച നടന്നത്. സി.എം.എഫ്.ആർ.ഐ.യുടെ നിർദേശപ്രകാരമാണ് കെ.എം.എഫ്.ആർ.എ. ഭേദഗതിയിൽ പങ്കാളിത്ത പരിപാലന സമിതി സംവിധാനം ഉൾപ്പെടുത്തിയത്. മത്സ്യത്തൊഴിലാളികൾ, മത്സ്യവകുപ്പ് ഉദ്യോഗസ്ഥർ, ബോട്ടുടമകൾ, മത്സ്യ വ്യാപാരികൾ, ബോട്ടു നിർമാതാക്കൾ, സന്നദ്ധ സംഘടനകൾ, ശാസ്ത്രജ്ഞർ തുടങ്ങിയവരടങ്ങുന്നതായിരിക്കും സമിതികൾ. കെ.എം.എഫ്.ആർ.എ. ഭേദഗതികളുടെ ശാസ്ത്രീയ വശങ്ങൾ ചർച്ച ചെയ്യുന്നതിനാണ് മത്സ്യവകുപ്പ് ശിൽപ്പശാല സംഘടിപ്പിച്ചത്.

ശാസ്ത്രീയ പരിപാലന രീതികൾ മേഖലയിൽ നടപ്പിലാക്കുന്നതിന് മുഖ്യ പരിഗണന നൽകുമെന്ന് ശിൽപ്പശാലയിൽ ആമുഖ പ്രഭാഷണം നടത്തിയ സംസ്ഥാന ഫിഷറീസ് ഡയറക്ടർ വെങ്കടേശപതി പറഞ്ഞു. മത്സ്യമേഖലയുടെ വികസനത്തിന് ഗവേഷണങ്ങൾക്ക് പ്രത്യേകം തുക വകയിരുത്തി. നിയമങ്ങൾ പ്രായോഗികമായി നടപ്പിലാക്കുന്നതിന് ശ്രമങ്ങളുണ്ടാകുമെന്നും അദ്ദേഹം പറഞ്ഞു.

ചെറുമീനുകളെ പിടിക്കുന്നതിന് തടയിടുന്ന മിനിമം ലീഗൽ സൈസ് (എം.എൽ.എസ്.) നിയമം പ്രായോഗികമായി നടപ്പിലാക്കുന്നതിന് ഉപഭോക്താക്കളെ ബോധവത്കരിക്കുന്ന തരത്തിൽ പ്രചാരണം ശക്തിപ്പെടുത്തണമെന്ന് സി.എം.എഫ്.ആർ.ഐ. പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. സുനിൽ മുഹമ്മദ് പറഞ്ഞു. ഡോ. ടി.വി. സത്യാനന്ദൻ, ഡോ. ലീല എഡ്വിൻ, ഡോ. ടി.എം. നജ്മുദ്ദീൻ, ഇഗ്നേഷ്യസ് മാൻഡ്രോ, ഡോ. ദിനേശ് ചെറുവത്ത്, താജുദ്ദീൻ എന്നിവർ സംസാരിച്ചു. എല്ലാ ജില്ലകളിൽ നിന്നുമുള്ള മത്സ്യവകുപ്പ് ഉദ്യോഗസ്ഥരാണ് ശിൽപ്പശാലയിൽ പങ്കെടുക്കുന്നത്. ശിൽപ്പശാല ബുധനാഴ്ച സമാപിക്കും.